## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 1105 30.11.2018 -ൽ മറുപടിക്ക്

### തൃപ്പൂണിത്തുറയിൽ കരിയർ ഡെവലപ്മെന്റ് സെന്റർ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.എം. സ്വരാജ് | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | തൃപ്പൂണിത്തുറയിൽ കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) (ബി) & (സി) | നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിന് കീഴിൽ തൃപ്പൂണിത്തുറ ആസ്ഥാനമായി കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് തൃപ്പൂണിത്തുറ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ചൂരക്കാട് ഷോപ്പിംഗ് കോംപ്ലക്സ് നമ്പർ 31 കെട്ടിടത്തിൽ 188 A1 മുതൽ A 29 വരെ നമ്പറുള്ള കെട്ടിടത്തിന്റെ ഒന്നാം നിലയുടെ മുകളിൽ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം നഗരസഭയ്ക്ക് തന്നെ നിലനിർത്തികൊണ്ട് കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എംപ്ലോയ്മെന്റ് ഡയറക്ടറും തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി സെക്രട്ടറിയും തമ്മിൽ ഉടമ്പടിയിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. സെന്ററിന്റെ നിർമ്മാണപ്രവർത്തനങ്ങൾ സർക്കാർ അംഗീകൃത ഏജൻസിയായ തൃശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് വരുന്നു. |
| (ബി) | സമയബന്ധിതമായി ഈ നടപടികൾ പൂർത്തീകരിക്കുമോ; | | |
| (സി) | ഈ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ ? | | |

സെക്ഷൻ ഓഫീസർ